LIBRARY ARCHIVES Kerala Legislative Assembly

ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾ

150 (1183) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014 മാർച്ച് 31-നുശേഷം ഇതുവരെ ഡിസാസ്റ്റർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

ലിസ്റ്റ് അനുബന്ധമായിചേർക്കുന്നു.*

ഭൂരഹിതർക്ക് വിതരണം ചെയ്യാനായി മാറ്റിവച്ച ഭൂമി

151 (1184) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൻ കീഴിൽ ഭൂരഹിതർക്ക് വിതരണം ചെയ്യാനായി മാറ്റിവച്ച ഭൂമി എത്ര പേർക്ക് വിതരണം ചെയ്തു ; ജില്ല തിരിച്ച് വിശദമാക്കാമോ ; അപേക്ഷകർക്കെല്ലാം വിതരണം ചെയ്യാനാവശ്യമായ ഭൂമി റവന്യൂ വകുപ്പിന്റെ കീഴിലുണ്ടോ ;

(ബി) സാമുദായികമായി പിന്നാക്കംനിൽക്കുന്ന ജനവിഭാഗങ്ങൾക്ക് ഭൂമി വിതരണങ്ങളിൽ പ്രത്യേക പരിഗണനയുണ്ടോ ?

ഉത്തരം

(എ) വീട് വയ്ക്കാൻ അനുയോജ്യമായ റവന്യൂ ഭൂമി, മിച്ചഭൂമി, അന്യംനിൽപ്പ് ഭൂമി, ബോട്ട്-ഇൻ-ലാൻഡ് തുടങ്ങിയ വിവിധയിനം സർക്കാർ ഭൂമികൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഭൂമിയുടെ ലഭ്യതയനുസരിച്ച് വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടമായി 36,491 ഗുണഭോക്താക്കൾക്ക് താഴെപ്പറയുന്നത് പ്രകാരം ഭൂമി അനുവദിച്ചിരുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജില്ല	അനുവദിച്ച പട്ടയങ്ങളുടെ എണ്ണം
തിരുവനന്തപുരം	3181
കൊല്ലം	683
പത്തനംതിട്ട	506
ആലപ്പുഴ	256
കോട്ടയം	1309
ഇടുക്കി	1992
എറണാകുളം	1449
തൃശ്ശൂർ	510
പാലക്കാട്	2114
മലപ്പുറം	843
കോഴിക്കോട്	1550
വയനാട്	727
കണ്ണൂർ	11100
കാസർഗോഡ്	10271
ആകെ	36491

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള പട്ടയ വിതരണത്തിൽ, ഭൂമിപതിവ് ചട്ടങ്ങൾക്കനുസൃതമായിത്തന്നെ ചില വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നത് പരിഗണിച്ചിട്ടുണ്ട്. അഗതികൾ, മാരകരോഗം ബാധിച്ചവർ, അംഗവൈകല്യ മുള്ളവർ, വിധവകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എന്നീ ക്രമത്തിലാണ് മുൻഗണന നൽകിയിട്ടുള്ളത്.

ചൂഴലിക്കാറ്റ് പ്രതിരോധ പദ്ധതി

152 (1185) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തയ്യാറാക്കിയ ചൂഴലിക്കാറ്റ് പ്രതിരോധ പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly